മലപ്പുറം	25
കോഴിക്കോട്	37
കണ്ണൂർ	39
ആകെ	500

(ബി) ഈ വർഷം മാർച്ച് 31 വരെ സംസ്ഥാനത്തൊട്ടാകെ 1013 വനിതാ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	113
കൊല്ലം	96
ആലപ്പുഴ	89
കോട്ടയം	88
ഇടുക്കി	42
എറണാകുളം	130
തൃശ്ശൂർ	159
പാലക്കാട്	49
മലപ്പുറം	50
കോഴിക്കോട്	82
കണ്ണൂർ	78
പത്തനംതിട്ട	22
വയനാട്	7
കാസർഗോഡ്	8
മൊത്തം	1013

1986 ഏപ്രിൽ മുതൽ സെപ്തംബർ 30 വരെയുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി & ഡി) വനിതാ വ്യവസായ സംരംഭകർക്ക്, ഹരിജന ഗിരിജന വ്യവസായ സംരംഭകർക്കെന്നപോലെ വ്യവസായ വകുപ്പിൽ നിന്നും 15,000 രൂപ വരെ നേരിട്ട് വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്.

വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്ക് നൽകിയ വായ്പ

281 [345] [ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്ക് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി നൽകപ്പെട്ടിട്ടുള്ള വായ്പകൾ എത്ര ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ സെപ്തംബർ 30 വരെ ഇതിലേക്കുവേണ്ടി എന്തു തുക നൽകിയിട്ടുണ്ട് ;

(ഡി) അവ ഏതെല്ലാം വ്യവസായങ്ങൾക്കുവേണ്ടിയാണ് നൽകപ്പെട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(എഫ്) വായ്പ എടുത്തിട്ടുള്ള വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾ ഏതെങ്കിലും പ്രവർത്തിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(എച്ച്) വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്ക് വായ്പയും ഗ്രാൻറും മറ്റും നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ് ?

ഉത്തരം

(എ, ബി, സി, ഡി & ഇ) വനിതാ വ്യവസായങ്ങൾക്ക് സർക്കാരിൽ നിന്നും നേരിട്ട് വായ്പ കൊടുക്കുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. ഗവൺമെൻറ് ഗ്രാൻറ് മാത്രമേ നൽകാറുള്ളു. വിവിധ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ഇതിലേക്ക് നൽകിയിട്ടുള്ള വായ്പകളുടെ വിവരം ലഭ്യമല്ല.

(എഫ് & ജി) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) പ്രൊപ്രൈട്ടറി, പാർട്ടണർഷിപ്പ്, ചാരിറബിൾ സ്ഥാപനം, ലിമിറ്റഡ് കമ്പനി, വ്യവസായ സഹകരണ സംഘം എന്നീ വിഭാഗങ്ങളിൽ വനിതകളുടെ ഉടമസ്ഥാവകാശത്തിൽ രൂപീകൃതവും 80 ശതമാനത്തിൽ കുറയാതെ സ്ത്രീത്തൊഴിലാളികളും പണിചെയ്യുന്നതുമായ ചെറുകിട വ്യവസായ യൂണിറ്റുകൾക്കാണ് പ്രത്യേക ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്.

വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടിയുള്ള പദ്ധതികൾ

282. [346] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഗവൺമെൻറിൻെറ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾക്കുവേണ്ടി പുതിയതായ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) വനിതകൾക്കുവേണ്ടിയുള്ള വ്യവസായങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly